Malayalamanorama 22-11-18, P-14



റബർ തോട്ടത്തിൽ ഇടവിളയായി പാഷൻ ഫ്രൂട്ട് കൃഷി ചെയ്ത് അധിക വരുമാനം

# മധുരം മേലാപ്പ്

**ജോസ് കെ. വയലിൽ**

റബർവില കുറഞ്ഞാലും കൂടിയാലും പരിയാപുരത്തെ കർഷകൻ തോമസിന് ആശങ്കയില്ല. കാരണം തന്റെ രണ്ടര ഏക്കർ റബർ തോട്ടത്തിൽ നിന്ന് ലഭിക്കുന്ന ആദായത്തെക്കാൾ ഇടവിളയായി കൃഷി ചെയ്തിരിക്കുന്ന പാഷൻ ഫ്രൂട്ടിൽ നിന്ന് നേടുന്നുണ്ട് ഈ കർഷകൻ.

റബർ വിലയിലെ ചാഞ്ചാട്ടം ജിവിതച്ചെലവിനു ഭീഷണി ആയപ്പോൾ കൂടുതൽ വരുമാനം നേടാനുള്ള ചിന്തയാണു മലപ്പുറം ജില്ലയിലെ പരിയാപുരത്തെ കിഴക്കേമുക്കിൽ ചോങ്കര തോമസ് എന്ന ജോസ്കുട്ടിക്ക് പാഷൻ ഫ്രൂട്ട് വഴി വിജയം സമ്മാനിച്ചത്. പാഷൻ ഫ്രൂട്ട് പടർത്താനുള്ള പ്ലാസ്റ്റിക് വള്ളികളും വലയും വലിച്ചു കെട്ടാനുള്ള താങ്ങുകാലുകൾ റബർ മരങ്ങൾ തന്നെ. മരങ്ങളിൽ നിന്ന് മരങ്ങളിലേക്ക് വലിച്ച പ്ലാസ്റ്റിക് കയറിലാണ് നെറ്റ് ഉറപ്പിച്ചിരിക്കുന്നത്. ഇത് മുടക്കുമുതൽ ഏറെ കുറച്ചു.

വയനാട്ടിലെ അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്ത കാവേരി എന്ന ഇനത്തിന്റെ തൈകളാണ് മലപ്പുറത്തെ ആനക്കയം കൃഷിഫാമിൽ നിന്ന് വാങ്ങി നട്ടത്.

കാലിവളം, കോഴിക്കാഷ്ഠം തുടങ്ങിയവ അടിവളമായി ചേർത്തു. റബർത്തോട്ടത്തിലെ കരിയില ഉപയോഗിച്ച് പുതയിട്ടു. തുള്ളിനനയും നൽകി. പാഷൻ ഫ്രൂട്ട് പഴങ്ങളായി വിൽക്കുന്നത് നഷ്ടമാണെന്ന് തിരിച്ചറിഞ്ഞ തോമസ് തുടക്കത്തിൽ തന്നെ മൂല്യവർധിത ഉൽപന്നങ്ങളിലേക്ക് തിരിഞ്ഞു.

സാധാരണ വിപണിയിൽ ലഭിക്കുന്ന പാഷൻ ഫ്രൂട്ട് സ്ക്വാഷ്, സിറപ്പ് എന്നിവയ്ക്കു പുറമേ ജാം, സിപ് അപ്, ഐസ്ക്രീം, കാന്താരി-പാഷൻ ഫ്രൂട്ട് മിക്സ്, പാഷൻ ഫ്രൂട്ടിന്റെ തോട് ഉപയോഗിച്ച് അച്ചാർ, ചമ്മന്തി തുടങ്ങിയവയും ഉൽപാദിപ്പിച്ച് വിപണിയിലെത്തിച്ചു. സ്ഥലക്കുറവ് ഉള്ളവർക്ക് പന്തൽ മുകളിൽ പടർത്താതെ കുത്തനേ കാലുകൾ നാട്ടി നെറ്റ് കെട്ടി വെർട്ടിക്കൽ രീതിയും പരീക്ഷിക്കാമെന്ന് തോമസ് പറയുന്നു. റബർ തോട്ടത്തിൽ ഇടവിളയായി കൃഷി ചെയ്യുമ്പോൾ ലഭിക്കുന്ന അധിക വരുമാനത്തിന് പുറമേ പാഷൻ ഫ്രൂട്ടിന് നൽകുന്ന പരിചരണം, നന, വളപ്രയോഗം തുടങ്ങിയവ റബറിനും ഗുണകരമാകുകയും ഉൽപാദനം വർധിക്കുകയും ചെയ്യും.

പാഷൻ ഫ്രൂട്ട് പന്തലിന് അടിയിൽ റബർ തോട്ടത്തിൽ സാധാരണ ചെയ്യാവുന്ന ചേമ്പ് ,മഞ്ഞൾ പോലുള്ളവയും കാന്താരി, മുളക് പോലുള്ളവയും ഇടവിളയായി കൃഷി ചെയ്യുന്നത് തുടരുകയും ചെയ്യാം.

*തോമസിന്റെ ഫോൺ: 9400699485.*